ഗുരുവായൂർ ക്ഷേത്രത്തിൽ പുണ്യാഹം

112 (467) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിൽ എത്ര പുണ്യാഹവും ശുദ്ധികലശവും നടത്തിയിട്ടുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ക്ഷേത്രം അശുദ്ധമാക്കിയവർ പണം അടച്ചിട്ടുണ്ട്;

(സി) ഇവയിൽ എത്രയെണ്ണം ഹിന്ദുക്കളല്ലാത്തവർ ക്ഷേത്രത്തിൽ പ്രവേശിച്ചു എന്ന സംശയത്തിന്മേൽ നടത്തിയിട്ടുണ്ട്;

(ഡി) ഹിന്ദുക്കളല്ലാത്തവർ ക്ഷേത്രത്തിൽ പ്രവേശിച്ചു എന്ന സംശയമുണ്ടാകുമ്പോൾ അപ്രകാരം ക്ഷേത്രത്തിൽ പ്രവേശിച്ചവരോടോ അവരുടെകൂടെയുള്ളവരോടോ അന്വേഷിച്ച് ഉറപ്പുവരുത്താറുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഇ) ക്ഷേത്രത്തിൽ പ്രവേശിക്കുന്ന ആൾ അഹിന്ദുവാണോ എന്നുറപ്പിക്കാതെ പുണ്യാഹം നടത്തുന്നവരുടെമേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ വ്യത്യസ്ത കാരണങ്ങൾ ഉളവാകുന്ന അശുദ്ധികൾ കാരണത്താൽ പുണ്യാഹം നടത്തേണ്ടിവരാറുണ്ട്. ആയതു സംബന്ധിച്ച് രേഖപ്പെടുത്തുന്ന പതിവില്ല എന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) ക്ഷേത്രത്തിൽ പലവക ഇനങ്ങളിലായി ലഭിക്കുന്ന വരുമാനത്തിന് നൽകപ്പെടുന്ന രസീതി മുഖേനയാണ് പുണ്യാഹച്ചെലവിന് ലഭിക്കുന്ന വരുമാനവും വരവ് വയ്ക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന സംഖ്യ മൊത്തമായി രജിസ്റ്ററിൽ വരവ് ചേർക്കുകയാണ് പതിവ്. ഈ കാരണത്താൽ എത്ര എണ്ണം പുണ്യാഹത്തിന് പണം അടച്ചിട്ടുണ്ടെന്ന് പ്രത്യേകമായി അറിയിക്കുവാൻ നിർവാഹമില്ല എന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്.

(സി) പുണ്യാഹം നടത്തുന്നതിനെ സംബന്ധിച്ച് വിവരം രേഖപ്പെടുത്തുന്നില്ല. എന്നതിനാൽ പുണ്യാഹം ഏതെല്ലാം കാരണങ്ങളാൽ നടത്തിയിട്ടുണ്ടെന്ന് പറയാൻ നിർവാഹമില്ല.

(ഡി) അന്വേഷിക്കാറുണ്ട്.

(ഇ) പുണ്യാഹം ക്ഷേത്ര ചൈതന്യത്തിനുവേണ്ടിമാത്രം നടത്തുന്ന ഒരു ചടങ്ങാണെന്നും അല്ലാതെ ആരെയും അപകീർത്തിപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നും അതിനാൽ ഈ ചോദ്യത്തിന് പ്രസക്തി ഇല്ലെന്നും ദേവസ്വം അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിൽ നടത്തിയ പുണ്യാഹം

113 (468) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രീ. വയലാർ രവിയുടെ മകൻ ഗുരുവായൂർ ക്ഷേത്രദർശനം നടത്തിയതിന്റെ പേരിൽ പുണ്യാഹം നടത്താൻ ഗുരുവായൂർ ദേവസ്വം മുൻ ചെയർമാൻ 1500 രൂപ അടയ്ക്കുകയുണ്ടായോ;

(ബി) ഇപ്രകാരം പുണ്യാഹം നടത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പുണ്യാഹം നടത്തുവാൻ നിർദ്ദേശിച്ച ക്ഷേത്രം തന്ത്രിയുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഗുരുവായൂർ ദേവസ്വം മുൻ ചെയർമാൻ തുകയൊന്നും അടയ്ക്കുകയുണ്ടായില്ല.

(ബി) ക്ഷേത്രം തന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് പുണ്യാഹം നടത്തിയത്.

(സി) നിലവിലുള്ള നിയമം അനുസരിച്ച് നടപടി എടുക്കാൻ നിർവാഹമില്ല.

ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ നമ്പരുകൾ താഴെ ചേർക്കുന്നു.

372, 398, 415, 434, 437, 438, 440, 441, 442, 443, 444, 445, 446, 447, 448, 449, 450, 451, 452, 454, 455, 457, 458, 462, 469, 470, 471, 472, 473, 474, 475, 476, 477, 478, 479, 480, 481, 482, 483, 484, 485, 486, 487, 488, 489, 490, 490, 491, 492, 493, 494, 495, 496, 497, 498, 499, 500, 501, 502, 503.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

II. തിരുത്തൽ പ്രസ്താവന

8-3-2000 ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1095 ന്റെ ഉത്തരം

[9.30 AM] മി. സ്പീക്കർ : ഒരു തിരുത്തൽ സ്റ്റേറ്റ്മെന്റുണ്ട്....ബഹളം....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 8.3.2000 ലെ നക്ഷത്രചിഹ്നമിടാത്ത 1095-ാം നമ്പർ ചോദ്യത്തിനു നൽകിയിരുന്ന ഉത്തരത്തിൽ 'ബി' പിരിവിനു നൽകിയ മറുപടിയിൽ, തിരുത്തൽ വരുത്തിക്കൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.....ബഹളം.....

മി. സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യോത്തരവേള എന്നു പറഞ്ഞാൽ അംഗങ്ങൾക്ക് വിവരങ്ങൾ ശേഖരിക്കാൻ വേണ്ടിയുള്ള സഭയുടെ ഏറ്റവും പ്രധാനപ്പെട്ട സന്ദർഭമാണ്. ആ സന്ദർഭം ആ അർത്ഥത്തിൽ ആ സ്പിരിറ്റോടുകൂടി പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയണം. പിന്നെ അക്കൂട്ടത്തിൽ ചില പരാമർശങ്ങളുമൊക്കെ വന്നുപോകും. അത് പലപ്പോഴും വരാറുണ്ട്. പ്രധാനപ്പെട്ട ഉദ്ദേശ്യവും ചോദ്യങ്ങൾ ചോദിക്കുന്നതു തന്നെയാണ്. ഈ ചോദ്യങ്ങൾ എഴുതി ചോദിച്ചുകഴിഞ്ഞാൽ അതിന് കൃത്യമായ മറുപടി തന്നെയാണ് സഭയിൽ നൽകേണ്ടതായിട്ടുള്ളത്. സപ്ളിമെന്ററി ചോദ്യങ്ങൾ ചോദിക്കുമ്പോൾ ചിലപ്പോൾ അതിന്റെ പരിധിവിട്ട് പോകാറുണ്ട്. എന്നാലും അത് പരമാവധി ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്. ചോദ്യങ്ങൾക്ക് മന്ത്രിമാർ ഏതു രൂപത്തിൽ മറുപടി പറയണമെന്ന് ചെയറിനു നിർബന്ധിക്കാനാകില്ല. പക്ഷെ മന്ത്രിമാർ മറുപടി പറയുന്നത് ചോദ്യങ്ങൾക്ക് തന്നെയാകണം. ഒരു

LIBRARY ARCHIVES Kerala Legislative Assembly